# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4943 24.07.2015-ൽ മറുപടിയ്ക്ക്**

## ചേർത്തലയിലെ പൊതു തോടുകൾ, കനാലുകൾ, കുളങ്ങൾ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന്റെ ചുമതലയിൽ ചേർത്തല മണ്ഡലത്തിൽ നവീകരിച്ച പൊതു തോടുകളും കനാലുകളും പൊതുകുളങ്ങളും ഏതെല്ലാമാണെന്നും അതിനായി വിനിയോഗിക്കപ്പെട്ട തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) ചേർത്തല മണ്ഡലത്തിൽ തോടുകളും കനാലുകളും ഉൾപ്പെടെ മേജർ ഇറിഗേഷൻ മുഖാന്തിരം 8 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിനായി 14,36,400/ രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. മൈനർ ഇറിഗേഷൻ മുഖാന്തിരം 5 പൊതു തോടുകൾ നവീകരിച്ചു. ഇതിനായി 71 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പൊതുകുളങ്ങൾ നവീകരണം നടത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ബി) ചേർത്തലയിലെ ഏതെല്ലാം പൊതുകുളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവയുടെ നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) നവീകരണം നടത്തേണ്ട പൊതുകുളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (ഐ&എ)യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ തുടങ്ങിയവയും ഫാക്ടറി മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികളും ക്യാൻസറും അടക്കം ഒട്ടേറെ ആരോഗ്യഭീഷണിക്ക് കാരണമാകുന്ന വാരനാട് പൂത്തോട്ട തോടും വൃത്തിയാക്കി ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇനിയും പരിഗണിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ, പൂത്തോട്ട വാരനാട് തോട് എന്നിവ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1. | ചേർത്തല മുനിസിപ്പാലിറ്റിയിലെ ടി.ബി.കനാലിന്റെ സംരക്ഷണം | 20.00 |
| 2. | ടി.ബി കനാലിന്റെ നടപ്പാത നിർമ്മാണം | 25.00 |
| 3. | മുഹമ്മ പഞ്ചായത്ത് 4-ാം വാർഡിലെ കുളക്കോഴിച്ചിറ ബോട്ട് ചാനലിന്റെ ആഴം കൂട്ടൽ | 3.30 |
| 4. | ചേർത്തല മുനിസിപ്പാലിറ്റിയിൽ ആറാം വാർഡ് മണികണ്ഠൻ കായൽ മുതൽ മനയ്ക്കൽ പാലം വരെ തീരസംരക്ഷണം | 5.00 |
| 5. | ചേർത്തലമുനിസിപ്പാലിറ്റിയിൽ മിൽസ് കനാൽ സംരക്ഷണം | 8.00 |
| 6. | തണ്ണീർമുക്കം ലോക്ക് മുതൽ പബ്ലിക് ബോട്ട് ജെട്ടി വരെ തീരസംരക്ഷണം | 6.00 |
| 7. | മുഹമ്മ പഞ്ചായത്ത് മുപ്പിരിത്തോടിന്റെ തീരസംരക്ഷണം | 66.00 |
| 8. | ചേർത്തല സൗത്ത് പഞ്ചായത്തിൽ അർത്തുങ്കൽ പൊഴിയുടെ തീരസംരക്ഷണം | 10.34 |
| | ആകെ | 143.64 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | വാട്ടച്ചിറ തോട് | 23.00 |
| 2 | പള്ളിത്തോട് തോട് | 12.00 |
| 3 | കൊട്ടൂർ തോട് | 16.00 |
| 4 | മുല്ലപ്പള്ളിതോട് | 10.00 |
| 5 | ഇരുവേലി തോട് | 10.00 |
| | ആകെ | 71.00 |

സെക്ഷൻ ഓഫീസർ